23/10 2014 15:48

10508

28/10/14

# കേരള സർക്കാർ

## സാംസ്കാരിക കാര്യ (സി) വകുപ്പ്

നം. 8301/സി1/14/സാം.ക.വ

തിരുവനന്തപുരം, 24/10/2014.

## <u>സർക്കുലർ</u>

2014 നവംബർ 1 ശ്രേഷ്ഠഭാഷാ ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി മുൻവർഷത്തെപ്പോലെ എല്ലാ സാംസ്കാരിക, സ്ഥാപനങ്ങളും വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

1) ശ്രേഷ്ഠ ഭാഷാദിന ചടങ്ങുകൾ സംഘടിപ്പിച്ച് ശ്രേഷ്ഠഭാഷാ പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

2) ആഘോഷങ്ങളുടെ ഭാഗമായി സെമിനാർ സിമ്പോസിയം മറ്റ് സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

3) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും നവംബർ ഒന്നിന് ശ്രേഷ്ഠഭാഷാ ദിനാചരണം സമുചിതമായി കൊണ്ടാടണം.

4) ഭാഷാ പഠന രംഗത്തും സാംസ്കാരിക രംഗത്തും പ്രവർത്തിച്ചു വരുന്ന മലയാളം സർവ്വകലാശാല, കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, ഭാരത് ഭവൻ, സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം മിഷൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഫോക്ക് ലോർ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ ശ്രേഷ്ഠഭാഷാ പദവി സംബന്ധിച്ച പ്രത്യേക പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കണം.

അതത് സ്ഥാപനങ്ങളിൽ ചടങ്ങുകൾ സംഘടിപ്പിക്കുന്നതോടൊപ്പം ആഘോഷങ്ങൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള ചുമതല താഴെപ്പറയും പ്രകാരം നൽകുന്നു.

| | |
|---|---|
| തിരുവനന്തപുരം | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് /മലയാളം മിഷൻ/ സർവ്വ വിജ്ഞാന കോശം |
| കൊല്ലം | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്/ജവഹർ ബാലഭവൻ |
| പത്തനംതിട്ട | വാസ്തു വിദ്യാ ഗുരുകുലം/മൂലൂർ സ്മാരകം |
| ആലപ്പുഴ | തകഴി സ്മാരകം/എ.ആർ.രാജരാജവർമ്മ സ്മാരകം |
| എറണാകുളം | ലളിതകലാ അക്കാദമി |
| തൃശ്ശൂർ | (സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി) |
| മലപ്പുറം | മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമി |
| കണ്ണൂർ | പുരാരേഖാ വകുപ്പ് /ഫോക്ക് ലോർ അക്കാദമി |

ജില്ലാതല ആഘോഷങ്ങൾ വിവര പൊതുജന സമ്പർക്ക വകുപ്പുമായും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുമായും ചേർന്ന് സംഘടിപ്പിക്കാവുന്നതാണ്.

റാണി ജോർജ്ജ്,
സെക്രട്ടറി.

ജില്ലാ കളക്ടർമാർക്കും
വകുപ്പ് തലവന്മാർക്കും

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

Endt No. E1-10508/14/CE/LSGD dtd 28.10.14

Copy of Govt order forwarded to all controlling officers concerned.

For CE
28/10/14.